സ്നേഹം കൊണ്ട് ലോകത്തിന്റെ മുറിവുണക്കിയവൾ

സാധാരണക്കാരായ നിക്കോളോ ബൊജാക്സി- ഡ്രാനാഫിൽ ബെർണാ ദമ്പതികളുടെ മൂന്ന് മക്കളിൽ ഇളയവളായിരുന്ന ആഗ്നസ് ഗോൺ ഹാബൊയാക്സു. പിൽക്കാലത്ത് അഗതികളുടെ അമ്മയായ മദർ തെരേസയായി ലോകം അവളെ വാഴ്ത്തി. സ്നേഹിക്കാനും ശുശ്രൂഷിക്കാനും അവളെ പഠിപ്പിച്ചത് തയ്യൽക്കാരിയായ അമ്മയായിരുന്നു. വളർന്നപ്പോൾ അദ്ധ്യാപിക വൃത്തിയിൽ സംതൃപ്തയായിരുന്നെങ്കിലും കൊൽക്കത്തയിലെ തെരുവിൽ അലഞ്ഞവർക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കാൻ മദർ സ്വയം തീരുമാനിക്കുകയായിരുന്നു.

ഡോ. ടി.പി. സേതുമാധവൻ

വിദ്യാഭ്യാസ വിദഗ്ദ്ധനും എഡ്യൂക്കേഷൻ ആൻഡ് കരിയർ കൺസൾട്ടന്റുമാണ് ലേഖകൻ. കോഴിക്കോട് യു.എൽ എഡ്യൂക്കേഷൻ ഡയറക്ടറാണ്.

ലക്ഷ്യ

വിദ്യാർത്ഥികൾക്ക് ഒരു പാഥേയം

മായാജാലത്തിലൂടെ ഒരു സ്വപ്നവും യാഥാർത്ഥ്യമാകില്ല. അതിനു വേണ്ടത് കഠിനാദ്ധ്വാനവും ഉറച്ച തീരുമാനങ്ങളുമാണ്. അവയെ ലക്ഷ്യമിട്ട് പരിശ്രമിക്കുമ്പോൾ വിജയം നിങ്ങളുടേതാകും

ഉപരിപഠനം ചെറിയ കളിയല്ല

ഉപരിപഠനത്തിന് ഏതെങ്കിലും കോഴ്സ് തിരഞ്ഞെടുക്കുന്നവരല്ല പുതു തലമുറ. ഏതാണ് തങ്ങളുടെ വഴിയെന്ന് അവർക്ക് വ്യക്തമായ ധാരണയുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബിഗ് ഡേറ്റ എന്നിവയിൽ ഈ വർഷം അവസാനത്തോടെ 5.11 ലക്ഷം പേരുടെ ആവശ്യകതയുണ്ടെന്ന് നാസ്കോമിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. ഈ രംഗത്ത് തൊഴിൽ നൈപുണ്യമുള്ളവരുടെ എണ്ണം 3.7 ലക്ഷമാണ്. നിലവിൽ 1.4 ലക്ഷം പേരുടെ കുറവ് നിലനിൽക്കുന്നുണ്ട്.

ആരോഗ്യം, റീട്ടെയിൽ, ടെലികോം നിർമ്മാണ മേഖലയിലാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബിഗ് ഡേറ്റ എന്നിവയിലെ തൊഴിൽ നൈപുണ്യമുള്ളവരുടെ ആവശ്യകതയുള്ളത്.

വ്യവസായ മേഖലയിലെ 43 ദശലക്ഷം തൊഴിലുകളിൽ 65 ശതമാനം തൊഴിലുകളിൽ, വരുന്ന അഞ്ച് വർഷത്തിൽ വലിയ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്. വരാനിരിക്കുന്ന സാങ്കേതികവിദ്യയിൽ ഒരു ലക്ഷം പേരുടെ തൊഴിൽ നൈപുണ്യ വികസനമാണ് നാസ്കോം ലക്ഷ്യമിടുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേർണിംഗ്, ഡീപ് ലേർണിംഗ്, അനലിറ്റിക്സ്, ഡേറ്റ സയൻസ്, ക്ലൗഡ് സർവീസസ്, സൈബർ സെക്യൂരിറ്റി തുടങ്ങിയവയിലാണ് ഭാവി തൊഴിലവസരങ്ങൾ.

പരമ്പരാഗത കോഴ്സുകൾ പഠിക്കുന്നവർ അഡ്വാൻസ്ഡ് ഐ.ടി. കോഴ്സുകൾ മികവുറ്റ തൊഴിൽ മേഖലകളിലെത്താനുപകരിക്കും. മൂല്യവർദ്ധിത കോഴ്സുകളായി ബിരുദശേഷം ഇവയ്ക്ക് ചേരാവുന്നതാണ്.

റെഗുലർ പ്രോഗ്രാമുകളെ അപേക്ഷിച്ച് ഇന്ന് ഓൺലൈൻ കോഴ്സുകൾ വിപുലപ്പെട്ടു വരുന്നു. സാങ്കേതിക മികവിലൂന്നിയ ടെക്നോളജി എനേബിൾഡ് മോഡിലാണ് കോഴ്സുകൾ നടത്തുന്നത്. Coursera, Edx, Swayam, AVIEW, Udacity സോഫ്ട്‌വെയറുകളാണ് ഇതിനായി ഉപയോഗപ്പെടുത്തി വരുന്നു. ബിരുദ പഠനത്തോടൊപ്പവും ഇവയും പഠിക്കുന്നത് മികവാകും. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് രാജ്യത്താകമാനം ഓൺലൈൻ കോഴ്സുകൾ നടത്തുന്നത്. സാങ്കേതിക മേഖലയുമായി ബന്ധപ്പെട്ട കോഴ്സുകൾ പഠിക്കാത്തവർക്കും ഇത്തരം കോഴ്സുകൾ പഠിപ്പിക്കാനുതകുന്ന രീതിയിലാണ് കോഴ്സ് കരിക്കുലം രൂപപ്പെടുത്തിയിരിക്കുന്നത്.

ഗൂഗിൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേർണിംഗ് എന്നിവ പ്രോത്സാഹിപ്പിക്കാനായി Tensor flow യുമായി ചേർന്ന് കോഴ്സ് നടത്തി വരുന്നുണ്ട്. Udacity വഴിയുള്ള ഗൂഗിൾ മെഷീൻ ലേർണിംഗ് കോഴ്സ് ഡേറ്റാ അനലിസ്റ്റുകൾ, ഡേറ്റ സയന്റിസ്റ്റ്, മെഷീൻ ലേണിംഗ് എൻജിനിയർ എന്നിവരാകാൻ ഉപകരിക്കും.

അമേരിക്കയിലെ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി മെഷീൻ ലേണിംഗിൽ Coursera പ്ലാറ്റ്ഫോമിൽ ഓൺലൈൻ കോഴ്സുകൾ നടത്തി വരുന്നുണ്ട്. ഗൂഗിളിന്റെ ഡീപ് ലേണിംഗ് ഗവേഷണ വിഭാഗത്തിലെ Andrew Ng, Google Brain എന്നിവയുമായി സഹകരിച്ചാണ് കോഴ്സുകൾ നടത്തുന്നത്. ശബ്ദം തിരിച്ചറിയൽ, വെബ് സർച്ച്, ലീനിയർ റിഗ്രഷൻ എന്നിവയോടൊപ്പം എ.ഐയ്ക്കാവശ്യമായ മികച്ച പ്രോഗ്രാമിംഗ് ലാംഗ്വേജായ Mathlab Tutorial ഉം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൊളംബിയ യൂണിവേഴ്സിറ്റി സൗജന്യമായി മെഷീൻ ലേണിംഗിൽ ഓൺലൈൻ കോഴ്സ് നടത്തുന്നുണ്ട്. സർട്ടിഫിക്കേഷന് മാത്രമേ ഫീസുള്ളൂ. കോഴ്സിന്റെ കാലയളവ് 12 ആഴ്ചകളാണ്. ഗ്രാഫിക്സ് പ്രോസസിംഗ് യൂണിറ്റുകളുടെ നിർമ്മാതാക്കളാണ് കോഴ്സ് നടത്തി വരുന്നത്.

അമേരിക്കയിലെ മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജി (MIT) ഡീപ് ലേർണിംഗ് ഫോർ സെൽഫ് ഡ്രൈവിംഗ് കാറുകൾ എന്ന കോഴ്സ് നൽകുന്നുണ്ട്. വെബ് ലേണിംഗ് പ്ലാറ്റ്ഫോമായ Udacity യിലൂടെ യു.കെയിലെ Kaggle, മെഷീൻ ലേർണിംഗ് നാനോ ഡിഗ്രി എന്ന പേരിൽ 6 മാസ പ്രോഗ്രാം നടത്തി വരുന്നു.

സ്റ്റാൻഫോർഡ് സർവകലാശാലയിൽ 11 ആഴ്ച ദൈർഘ്യമുള്ള മെഷീൻ ലേർണിംഗ് കോഴ്സ് നടത്തി വരുന്നുണ്ട്. 58 പൗണ്ടാണ് സർട്ടിഫിക്കേഷൻ ഫീസ്. ഐ.ബി.ഐം സ്കിൽസ് ഗേറ്റ് വേ, IBM open badge programme, IBM watson, AFI, ക്ലൗഡ് സിസ്റ്റവുമായി ചേർന്ന് നടത്തി വരുന്നു. കംപ്യൂട്ടർ സയൻസ് പഠിച്ചവർക്ക് കോഴ്സിന് ചേരാം.

കൊളംബിയ യൂണിവേഴ്സിറ്റി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മൈക്രോ മാസ്റ്റേഴ്സ് പ്രോഗ്രാം GE, IBM, Volvo, Ford, Adobe, PWC എന്നിവയുമായി ചേർന്ന് നടത്തി വരുന്നു. ഒരു വർഷത്തെ ബിരുദാനന്തര പ്രോഗ്രാം MS കൊളംബിയ സർവ്വകലാശാലയിലുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ ലോകത്താകമാനം തുടക്കക്കാർക്കുള്ള ഓൺലൈൻ കോഴ്സുകൾ, എ.ഐയെക്കുറിച്ചുള്ള മധ്യനിര കോഴ്സുകൾ, അഡ്വാൻസ്ഡ് കോഴ്സുകൾ എന്നിവയുണ്ട്.

ഇന്ത്യയിലെ സ്ഥാപനങ്ങൾ

- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇൻഫർമേഷൻ ടെക്നോളജി ബംഗളൂരു
- ഐ.ഐ.സി.ടി ഹൈദരബാദ്
- യൂണിവേഴ്സിറ്റി ഒഫ് പെട്രോളിയം ആൻഡ് എനർജീസ് സ്റ്റഡീസ്
- ഹൈദരബാദിലെ Analytic path, Udacity, Tech Trunk, Zekelabs,
- ബംഗളൂരുവിലെ My Tectra, Zenray
- അമൃത സർവ്വകലാശാല, മണിപ്പാൽ യൂണിവേഴ്സിറ്റി, അമിറ്റി സർവകലാശാല, ശിവനാടാർ യൂണിവേഴ്സിറ്റി, രാജ്യത്തെ ഐ.ഐ.ടികൾ, ഐ.ഐ.ഐ.ടികൾ തുടങ്ങിയ സ്ഥാപനങ്ങൾ ഡേറ്റ സയൻസ്, അനലിറ്റിക്സ്, എ.ഐ. ക്ലൗഡ് സേവനങ്ങൾ മുതലായവയിൽ നിരവധി ബിരുദാനന്തര കോഴ്സുകൾ നടത്തി വരുന്നു.

കൂടുതൽ വിവരങ്ങൾക്ക്:
www.coursera.org, www.ai.google/education, www.forbes.com, www.udemy.com, www.analyticsindiamag.com, www.analyticstraining.in, www.amrita.edu, www.manipal.edu, www.snu.edu.in, www.ibm.com, www.edx.org, www.swayam.co.in, www.manipal.edu

വിനിയോഗിക്കാം അവസരങ്ങൾ

■ മെർക്ക് ഇന്ത്യ ചാരിറ്റബിൾ ട്രസ്റ്റ്

പത്താം ക്ലാസ് പാസായ, ബംഗളൂരു, മുംബയ്, താനെ എന്നിവിടങ്ങളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി നൽകിവരുന്ന സ്കോളർഷിപ്പ്.

യോഗ്യത: പത്താം ക്ലാസിൽ 80 ശതമാനം മാർക്ക് വാങ്ങിയിരിക്കണം. മാസ വരുമാനം 20,000 രൂപയിൽ കുറവുള്ളവർക്കാണ് അവസരം. തിരഞ്ഞെടുത്ത വിദ്യാർത്ഥികളിൽ നിന്ന് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിനുശേഷമാകും സ്കോളർഷിപ്പ് നൽകുക.

തിരഞ്ഞെടുത്ത 150 വിദ്യാർത്ഥികൾക്ക് പ്രതിവർഷം 35,000 രൂപ വീതം സ്കോളർഷിപ്പ് ലഭിക്കും.

അവസാന തിയതി: ആഗസ്റ്റ് 25

കൂടുതൽ വിവരങ്ങൾക്ക്: http://www.b4s.in/Kaumudi/MSP2

■ ഇൻസീഡ് ദീപക് ആൻഡ് ആൻഡ് സുനിത ഗുപ്ത എൻഡൗഡ് സ്കോളർഷിപ്പ്

സാമ്പത്തിക പരാധീനതകൾ കാരണം ബുദ്ധിമുട്ടുന്ന, എം.ബി.എ ബിരുദ പഠനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ്. ഇൻസീഡിന്റെ തന്നെ എം.ബി.എ പ്രോഗ്രാമിന് എൻറോൾ ചെയ്യേണ്ടതുണ്ട്.

19 ലക്ഷം രൂപ വരെയാണ് സ്കോളർഷിപ്പ് തുക.

അവസാന തിയതി: ആഗസ്റ്റ് 13

കൂടുതൽ വിവരങ്ങൾക്ക്: http://www.b4s.in/kaumudi/ID&1

■ എം. സ്കോളർഷിപ്പ്

പ്ലസ് ടു മികച്ച മാർക്കോടെ പാസായി ബിരുദ പഠനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് മാഗ്മ ഫിൻകോർപ് നൽകിവരുന്ന സാമ്പത്തിക സഹായം.

ആർട്സ് വിഷയങ്ങളിൽ 80 ശതമാനവും കൊമേഴ്സ്, സയൻസ് വിഷയങ്ങൾക്ക് 85 ശതമാനവും മാർക്ക് നേടി പ്ലസ് ടു പാസായവർക്കാണ് അവസരം. പ്രായം 20 ൽ കൂടരുത്. പ്രതിമാസ വരുമാനം 10,000 രൂപയിൽ കൂടരുത്.

പ്രതിവർഷം 20000 രൂപ മുതൽ 50000 രൂപ വരെയാണ് സഹായം ലഭിക്കുക.

അവസാന തിയതി: ആഗസ്റ്റ് 15

കൂടുതൽ വിവരങ്ങൾക്ക്: http://www.b4s.in/kaumudi/M217

കടപ്പാട്: www.buddy4study.com/
കൂടുതൽ വിവരങ്ങൾക്ക്: 08448709545, 08527484563

മെഡിക്കൽ; രണ്ടാം അലോട്ട്മെന്റ് നാളെ

മെഡിക്കൽ/ഡെന്റൽ അനുബന്ധ കോഴ്സുകളിലേക്കുള്ള രണ്ടാം അലോട്ട്മെന്റ് നാളെ പ്രസിദ്ധീകരിക്കും. ഇന്ന് വൈകിട്ട് അഞ്ച് വരെ ഓപ്ഷനുകൾ പുനഃക്രമീകരിക്കാനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യാനും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ സൗകര്യം ലഭിക്കും. അലോട്ട്മെന്റ് ലഭിച്ചവർക്ക് 17-ന് വൈകിട്ട് അഞ്ച് വരെ പ്രവേശനം നേടാം. അഖിലേന്ത്യാ ക്വാട്ടയിൽ പ്രവേശനത്തിനുള്ള രണ്ടാം അലോട്ട്മെന്റിന് ശേഷം ഒഴിവ് വരുന്ന സർക്കാർ മെഡിക്കൽ കോളേജുകളിലെ സീറ്റുകൾ സംസ്ഥാനങ്ങൾക്ക് കൈമാറും. ഈ സീറ്റുകൾ കൂടി ചേർത്തായിരിക്കും രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുക.

രണ്ടാം അലോട്ട്മെന്റിന് ശേഷവും ഒഴിവ് വരുന്ന സീറ്റുകൾ നികത്തുന്നതിനായുള്ള മോപ് റൗണ്ട് കൗൺസലിംഗ് ആഗസ്റ്റ് 20, 21 തിയതികളിൽ തിരുവനന്തപുരത്ത് നടക്കും. പുതുക്കിയ ഷെഡ്യൂൾ പ്രകാരമാണ് രണ്ടാം അലോട്ട്മെന്റും സ്പോട്ട് അഡ്മിഷനും നടത്തുന്നത്. പ്രവേശനം ആഗസ്റ്റ് 26ന് അവസാനിക്കും. വീണ്ടും സീറ്റുകൾ ഒഴിവ് വന്നാൽ പ്രവേശന പരീക്ഷാ കമ്മിഷണർ കൈമാറുന്ന പട്ടികയിൽ നിന്ന് മാനേജ്മെന്റുകൾക്ക് പ്രവേശനം നടത്താം.

ഈ കോഴ്സുകൾ മറക്കല്ലേ, അപേക്ഷിക്കാൻ സമയമായി

വുഡ് ടെക്നോളജി പി.ജി ഡിപ്ലോമ

ബംഗളൂരുവിലെ ഇന്ത്യൻ പ്ലൈവുഡ് ഇൻഡസ്ട്രീസ് ഗവേഷണ പരിശീലനകേന്ദ്രത്തിൽ വുഡ് ആൻഡ് പാനൽ പ്രൊഡക്ട്സ് ടെക്നോളജി പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ബി.എസ്‌സി കെമിസ്ട്രി, ഫിസിക്സ്, മാത്തമാറ്റിക്സ്, ഫോറസ്ട്രി, അഗ്രിക്കൾച്ചർ, എൻജിനിയറിംഗ് ബിരുദധാരികൾക്ക് അപേക്ഷിക്കാം. കോഴ്സ് പൂർത്തിയാക്കിയവർക്ക് പ്രൊഡക്ഷൻ മാനേജർ, ക്വാളിറ്റി മാനേജർ, മാർക്കറ്റിംഗ് മാനേജർ, കെമിസ്റ്റ് തുടങ്ങിയ തസ്തികകളിൽ പ്രവർത്തിക്കാം. 250 രൂപയാണ് അപേക്ഷാ ഫീസ്. അപേക്ഷാ ഫോം വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. അവസാനതിയതി: ആഗസ്റ്റ് 30.

കൂടുതൽ വിവരങ്ങൾക്ക് www.ipirti.gov.in

അണ്ണാമലൈ പ്രവേശനം

അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം. ബിരുദ, ഡിപ്ലോമ, സർട്ടിഫിക്കറ്റ്, ബിരുദാനന്തര ബിരുദം, പി.ജി. ഡിപ്ലോമ എം.ബി.എ പ്രോഗ്രാമുകൾ അണ്ണാമലൈ യൂണിവേഴ്സിറ്റിയിലുണ്ട്.

എം.എസ്‌സി. യോഗ, പി.ജി. ഡിപ്ലോമ ഇൻ യോഗ, എം.എ, ബിസിനസ് ഇക്കണോമിക്സ്, എൻവയോൺമെന്റൽ ഇക്കണോമിക്സ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ലിംഗ്വിസ്റ്റിക്സ്, ട്രാൻസിലേഷൻ സ്റ്റഡീസ്, ഡെവലപ്മെന്റൽ സ്റ്റഡീസ്, അപ്ലൈഡ് സൈക്കോളജി, സൈബർ ലാ, പബ്ലിക് ഹെൽത്ത്, ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ്, സേഫ്ടി, ഐ.ടി, എം.ബി.എ, ഇ-കൊമേഴ്സ് തുടങ്ങിയ 200 ലധികം കോഴ്സുകളുണ്ട്. കേരളത്തിൽ നിരവധി പഠന കേന്ദ്രങ്ങളുമുണ്ട്. അപേക്ഷ വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

കൂടുതൽ വിവരങ്ങൾക്ക് www.audde.in, www.annamalaiuniversity.ac.in എന്ന വെബ് സൈറ്റുകൾ സന്ദർശിക്കുക

അവസാന തിയതി: 28.9.2018.

മാനേജ്മെന്റിൽ പി.ജി ഡിപ്ലോമ

ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് പ്ലാന്റേഷൻ മാനേജ്മെന്റ്, മാനേജ്മെന്റ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. പി. ജി. ഡിപ്ലോമ ഇൻ മാനേജ്മെന്റ്-ഫുഡ് പ്രോസസിംഗ് ആൻഡ് ബിസിനസ് മാനേജ്മെന്റ്, മാസ്റ്റർ ഒഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ, പി. ജി. ഡിപ്ലോമ ഇൻ മാനേജ്മെന്റ്- അഗ്രി ബിസിനസ് ആൻഡ് പ്ലാന്റേഷൻ മാനേജ്മെന്റ് എന്നിവയിലേക്കാണ് പ്രവേശനം.

50 ശതമാനം മാർക്കോടെ ഫുഡ് ടെക്നോളജി, ഫുഡ് സയൻസ്/ന്യൂട്രീഷൻ, ഫിഷറീസ്, ഡെയറി, അനിമൽ ഹസ്ബെന്ററി, ഹോർട്ടിക്കൾച്ചർ, ഹോം സയൻസ് വിഷയങ്ങളിൽ ബിരുദം, കാറ്റ്, എ.ടി.എം.എ/ സീമാറ്റ്/ ഗെയിറ്റ്സ് കോർ പ്രവേശന പരീക്ഷ എന്നിവയാണ് പി.ജി. ഡിപ്ലോമ ഇൻ മാനേജ്മെന്റ്-ഫുഡ് പ്രോസസിംഗ് ആൻഡ് ബിസിനസ് മാനേജ്മെന്റിലേക്ക് അപേക്ഷിക്കാനുള്ള യോഗ്യത. മാസ്റ്റർ ഒഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ പ്രോഗ്രാമിന് സീമാറ്റ് സ്കോറിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. അഗ്രിക്കൾച്ചറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദമാണ് പി.ജി. ഡിപ്ലോമ ഇൻ മാനേജ്മെന്റ്- അഗ്റിബിസിനസ് ആൻഡ് പ്ലാന്റേഷൻ മാനേജ്മെന്റിലേക്ക് അപേക്ഷിക്കാനുള്ള യോഗ്യത.

കൂടുതൽ വിവരങ്ങൾക്ക്: www.iipmb.edu.in

ENGLISH FOR COMPETITIVE EXAMS

കെ. ചെല്ലയ്യൻ നാടാർ
എം.എ, എൽഎൽ.ബി
Phone : 9495831406

IDIOMS (Part X)

ഇംഗ്ലീഷ് ശൈലികളെക്കുറിച്ചുള്ള പത്താമത്തെ പാഠമാണിത്. ശൈലികളുടെ അർത്ഥമെഴുതാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ചോദ്യങ്ങൾ PSC പരീക്ഷയ്ക്ക് വരാറുണ്ട്. ഉദാ: The idiom 'hot under the collar' means : (a) satisfied (b) angry (c) happy (d) confused. ഉത്തരം : (b) angry. Angry or embarrassed ; angry and excited ; agitated ; indignant മുതലായവയും hot under the collar-ന്റെ അർത്ഥങ്ങൾ തന്നെ. ശൈലികളെ വാക്യത്തിൽ പ്രയോഗിക്കാനോ ശൈലികളുടെ ഉത്ഭവത്തെക്കുറിച്ച് എഴുതാനോ ആവശ്യപ്പെടാറില്ല. ഈ പാഠത്തിൽ പരീക്ഷയ്ക്ക് ചോദിക്കാൻ സാദ്ധ്യതയുള്ള ഏതാനും ശൈലികളെക്കുറിച്ച് വിശദമായി പഠിക്കാം.

(53) Devil's advocate

'ചെകുത്താന്റെ വക്കീൽ' എന്ന പ്രയോഗം നമുക്ക് അപരിചിതമല്ല. അതിന്റെ ഇംഗ്ലീഷാണ് devil's advocate. A carping or adverse critic എന്നർത്ഥം. (Carp = അനാവശ്യമായി കുറ്റം കണ്ടുപിടിക്കുക - to find fault unnecessarily / adverse = പ്രതികൂലമായ) അതായത് ദോഷൈകദൃക്കായ വിമർശകൻ. A person who expresses an opinion that they do not really hold in order to encourage a discussion about a subject എന്ന് പറഞ്ഞാൽ അർത്ഥം കൂടുതൽ വ്യക്തമാകും. അതായത്, ഏതെങ്കിലും ഒരു വിഷയത്തിൽ കൂടുതൽ വിശദവും രസകരവുമായ ചർച്ചയുണ്ടാകാൻ വേണ്ടി തനിക്ക് തന്നെ വിയോജിപ്പുള്ള ഒരു അഭിപ്രായം മുന്നോട്ട് വച്ച് അതിനെ അനുകൂലിച്ച് സംസാരിക്കുന്ന ആൾ. അല്ലെങ്കിൽ താൻ അനുകൂലിക്കുന്ന അഭിപ്രായം മുന്നോട്ട് വച്ച് അതിനെ എതിർത്ത് സംസാരിക്കുന്ന ആൾ - ഈയാളാണ് devil's advocate. മിക്കപ്പോഴും ദൃശ്യമാദ്ധ്യമങ്ങളിലും മറ്റും ചർച്ച നയിക്കുന്ന ആളുകൾ ചെയ്യുന്നതും ഇതാണ്. അർത്ഥപൂർണ്ണമായ ചർച്ചക്ക് വഴിയൊരുക്കാനാണ് അവർ ഇപ്രകാരം ചെയ്യുന്നത്. Play/be devil's advocate എന്നും പ്രയോഗിക്കാറുണ്ട്. Often the interviewer will need to play devil's advocate in order to get a discussion going. മദ്യനിരോധനത്തെ എതിർക്കുന്ന ഒരാൾ വിശദമായ ചർച്ച സാദ്ധ്യമാക്കാൻ അനുകൂലിച്ചു സംസാരിച്ചെന്നു വരും: I'm totally against prohibition - I was just playing devil's advocate. ഇനി ഈ ശൈലി എങ്ങനെ രൂപംകൊണ്ടു എന്ന് പരിശോധിക്കാം.

'കത്തോലിക്കസഭ പുണ്യവാളൻമാരെ 'വാഴിക്കുന്ന' (saint ആയി പ്രഖ്യാപിക്കുന്ന) ചടങ്ങിൽ നിന്നുണ്ടായതാണ് ഈ ശൈലി. ഈ ചടങ്ങിനെ canonization എന്നു പറയുന്നു. മാർപ്പാപ്പയുടെ സദസ്സിൽ വച്ച്, പുണ്യവാളൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ യോഗ്യതായോഗ്യതകളെക്കുറിച്ച് മതമേലധ്യക്ഷന്മാർ പങ്കെടുക്കുന്ന നിഷ്കൃഷ്ടമായ ചർച്ചയും വാദപ്രതിവാദവും പതിവുണ്ട്. 'പുണ്യവാളസ്ഥാനാർത്ഥി'ക്ക് അനുകൂലമായി വാദിക്കുന്നയാളെ ദൈവത്തിന്റെ വക്കീൽ എന്നും (advocatus dei) പ്രതികൂലിക്കുന്നയാളെ ചെകുത്താന്റെ വക്കീൽ (advocatus diaboli = devil's advocate) എന്നും പറയുന്നു. ദൈവത്തിന്റെ വക്കീൽ പുണ്യവാളസ്ഥാനാർത്ഥിയുടെ യോഗ്യതകളും ഗുണഗണങ്ങളും പ്രകീർത്തിക്കുമ്പോൾ, ചെകുത്താന്റെ വക്കീൽ അവയെല്ലാം ഖണ്ഡിച്ച് ദോഷം മാത്രം വിസ്തരിക്കും. ഗുണദോഷങ്ങളുടെ ആകത്തുകയനുസരിച്ച് സദസ്സ് വിധി പ്രസ്താവിക്കുകയും ചെയ്യും' - ശൈലീപുരാണം.

ചുരുക്കത്തിൽ play / be devil's advocate എന്നാൽ 'നിഷ്കൃഷ്ടമായ ഒരു ചർച്ചക്ക് വഴിയൊരുക്കാനായി (വി)യോജിക്കുന്നതായി നടിക്കുക' എന്നാണ്.

(54) Doubting Thomas

'സംശയാലുവായ തോമസ്' എന്ന മലയാള ശൈലി, doubting Thomas എന്ന ഇംഗ്ലീഷ് ശൈലിയുടെ നേർപരിഭാഷയാണ്. A doubter or sceptic / someone who needs proof before believing something - ഇതാണ് doubting Thomas-ന് നിഘണ്ടു നൽകുന്ന അർത്ഥം. അതായത് സ്വന്തം കണ്ണുകൊണ്ട് കണ്ട് ബോദ്ധ്യം വരാതെ ഒന്നും വിശ്വസിക്കാത്ത ആളാണ് doubting Thomas. He's a real doubting Thomas - he simply wouldn't believe that I passed my driving test until he saw my licence. / She kept trying, hoping to prove all those doubting Thomases wrong.

ക്രിസ്തുശിഷ്യനായ തോമസിന്റെ സ്വഭാവം ശൈലിക്കടിസ്ഥാനം. വ്യക്തമായ തെളിവ് ലഭിക്കാതെ ഒരു സംഗതിയും ഇയാൾ വിശ്വസിച്ചിരുന്നില്ല. സ്പഷ്ടമായ തെളിവ് ലഭിക്കും വരെ യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ചുപോലും ഈ ശിഷ്യൻ സംശയാലുവായിരുന്നുവത്രെ. അവസാനം തന്റെ സ്വന്തം കണ്ണുകൾകൊണ്ട് യേശുവിനെ കാണുകയും കൈകൾ കൊണ്ട് ആ തിരുമുറിവുകളെ സ്പർശിക്കുകയും ചെയ്തതിനുശേഷമേ യേശു ഉയിർത്തെഴുന്നേറ്റു എന്ന് അദ്ദേഹം വിശ്വസിച്ചുള്ളൂ.

(55) Double-edged sword

Something that has both good and bad parts or results. / Something that has negative effects as well as positive effects. ഇങ്ങനെയാണ് നിഘണ്ടു double-edged sword-ന് അർത്ഥം നൽകിക്കാണുന്നത്. അതായത് ഗുണങ്ങളും ദോഷങ്ങളുമുള്ള. എന്നുവച്ചാൽ ഒരു mixed blessing അല്ലെങ്കിൽ a blessing and a curse. ആവിഷ്കാരസ്വാതന്ത്ര്യത്തെക്കുറിച്ച് നമ്മൾ വാചാലരാകാറുണ്ട്. എന്നാൽ അതിന് നല്ലവശങ്ങളും ചീത്തവശങ്ങളുമുണ്ട്. ഈ ആശയം double-edged sword എന്ന ശൈലി ഉപയോഗിച്ച് ഇങ്ങനെ പറയാം : Freedom of expression can be a double-edged sword. ഇതിന്റെ അർത്ഥം Freedom of expression can have both advantages and disadvantages എന്നാണ്. അതുപോലെ തന്നെ വിനോദസഞ്ചാരവും. അത് സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കും. എന്നാൽ അതുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ അവഗണിക്കാവുന്നവയല്ല : Tourism is a double-edged sword : it boosts the economy but damages the environment. ശാസ്ത്രവും ഒരു double-edged sword തന്നെയല്ലേ?

Double-edged sword-ന് ഇരുമുന വാൾ / രണ്ടു തലയ്ക്കും മൂർച്ചയുള്ള വാൾ എന്ന് വാച്യാർത്ഥം. ആ അർത്ഥത്തിൽ അത് കായങ്കുളം വാൾ ആണ്. 'കായങ്കുളം രാജ്യത്ത് പ്രചാരത്തിലിരുന്ന രണ്ടുവശവും മൂർച്ചയുള്ള ഒരിനം പ്രത്യേക വാളിനു കായങ്കുളം വാൾ എന്നു പേരുണ്ടായിരുന്നു' (സ.വി.കോ) ഇതിന്റെ വ്യംഗ്യാർത്ഥം 'ഇരുകക്ഷികളിലും തരംപോലെ ചേരുന്നയാൾ' (ശ. താ)

Double-edged sword പോലെ double-edged ആയ പ്രയോഗങ്ങളുമുണ്ട്. അതായത് അവയ്ക്ക് രണ്ടർത്ഥമുണ്ടായിരിക്കും. ഏതർത്ഥത്തിലാണ് പ്രയോഗിക്കുന്നത് എന്ന് നിങ്ങൾക്ക് സംശയം തോന്നാം. She paid me the double-edged compliment of saying my work was 'excellent for a beginner.' ഇതു praise ആണോ criticism ആണോ? Certainly the speaker is being critical.

(56) Dutch courage

ചിലർക്ക് അല്പം മദ്യം അകത്തു ചെന്നാലേ ധൈര്യം പുറത്തു വരുകയുള്ളൂ. ഇങ്ങനെ മദ്യപാനഫലമായുണ്ടാകുന്ന ധൈര്യത്തെയാണ് Dutch courage എന്ന് പറയുന്നത്. Artificial courage induced by drinking alcohol / the confidence some people get from drinking alcohol before they do something frightening / a feeling of confidence that comes after drinking alcohol എന്നിങ്ങനെ അർത്ഥം പറയാം.

ശൈലിയിലടങ്ങിയിരിക്കുന്നത് ഇംഗ്ലീഷുകാർക്ക് ഡച്ചുകാരോടുണ്ടായിരുന്ന അവമതിപ്പാണ്. ഡച്ചുകാർ പൊതുവെ ഭീരുക്കളാണ് എന്നാണ് ഇംഗ്ലീഷുകാർ കരുതിയിരുന്നത്. മദ്യപിച്ചാലേ അവർക്ക് ധൈര്യം വരൂ. അതുപോലെ ഇംഗ്ലീഷുകാർക്ക് ഫ്രഞ്ചുകാരെക്കുറിച്ചും വലിയ മതിപ്പുണ്ടായിരുന്നില്ല. ഇത് പ്രകടമാക്കുന്ന ഇംഗ്ലീഷ് ശൈലിയാണ് French leave. ഇതിന്റെ അർത്ഥം 'അവധിയെടുക്കാതെ ഹാജരാകാതിരിക്കൽ' ആണ്. 'മുങ്ങൽ' എന്ന് സാരം. Too many chiefs and not enough Indians എന്ന ചൊല്ലിന്റെ അർത്ഥം മനസ്സിലാക്കിയാൽ ഇംഗ്ലീഷുകാർക്ക് നമ്മളോടുള്ള വികാരം മനസ്സിലാകും - To many bosses, and not enough people to do the work.

(57) Demand your pound of flesh

Pound of flesh-ന്റെ വ്യംഗ്യവും ലാക്ഷണികവുമായ അർത്ഥം an amount that is owed to someone who demands to be paid എന്നുവച്ചാൽ നമ്മൾ മറ്റൊരാൾക്ക് കൊടുക്കാനുള്ളതും അയാൾ ഇപ്പോൾ തിരികെ ആവശ്യപ്പെടുന്നതുമായ തുക: When the creditors came to collect their pound of flesh, he had nothing to give them.

Demand your pound of flesh എന്നാകുമ്പോൾ ശൈലിയുടെ അർത്ഥം 'കരാറിലെ മുഴുവൻ വ്യവസ്ഥകളും അവ ഉത്തമർണ്ണന് യാതൊരു വിധത്തിലും ഗുണപ്രദമല്ലെങ്കിലും അധമർണ്ണന് വിനാശകരമാണെങ്കിൽ കൂടിയും പ്രത്യക്ഷരം നടപ്പിലാക്കണമെന്ന് ശഠിക്കുക' എന്നാണ്. ....merciless creditors, demanding their pound of flesh. Have / get / want / demand etc. your pound of flesh എന്നാണ് ശൈലി ഉപയോഗിക്കാറുള്ളത് : His boss, demanding his pound of flesh, made him come into work even though his daughter was seriously ill.

ഷേക്സ്പിയറുടെ The Merchant of Venice എന്ന നാടകത്തിലെ ഷൈലോക്ക് എന്ന പണം കടംകൊടുപ്പുകാരനുമായി ബന്ധപ്പെട്ടതാണ് ഈ ശൈലി. ബസ്സാനിയോ എന്ന ഉറ്റചങ്ങാതിയെ സഹായിക്കാനായി അന്റോണിയോ, ഷൈലോക്കിന്റെ പക്കൽ നിന്നും പണം കടം വാങ്ങുന്നു. കരാറിൽ ഒരു വിചിത്രമായ വ്യവസ്ഥ ഷൈലോക്ക് ഉൾക്കൊള്ളിക്കുന്നു - പണം നിശ്ചിത കാലാവധിക്കുള്ളിൽ മടക്കി കൊടുത്തില്ലെങ്കിൽ അന്റോണിയോയുടെ ശരീരത്തിൽ നിന്ന് ഒരു പൗണ്ട് മാംസം (a pound of flesh) മുറിച്ചെടുക്കാനുള്ള അവകാശം ഷൈലോക്കിനുണ്ടായിരിക്കും! പണം യഥാസമയം തിരികെ കൊടുക്കാൻ അന്റോണിയോക്ക് സാധിക്കാതെ വന്നപ്പോൾ ഷൈലോക്ക് കരാർ വ്യവസ്ഥ പ്രത്യക്ഷരം നടപ്പിലാക്കണമെന്ന് വാശിപിടിച്ചു. കരാർ വ്യവസ്ഥ നടപ്പിലാക്കുന്നതുകൊണ്ട് (അന്റോണിയോയുടെ ശരീരത്തിൽ നിന്ന് ഒരു പൗണ്ട് മാംസം മുറിച്ചെടുക്കുന്നതുകൊണ്ട്) ഷൈലോക്കിന് പ്രത്യേകിച്ച് ഒരു ഗുണവും ഉണ്ടാകുന്നില്ല. അതേസമയം അന്റോണിയോയ്ക്ക് നഷ്ടപ്പെടുന്നത് അയാളുടെ ജീവൻ ആയിരിക്കും. ഈ ആശയങ്ങൾ ശൈലിയിൽ അന്തർഭവിച്ചിട്ടുണ്ട്. A ruthless creditor (കരുണയില്ലാത്ത ഉത്തമർണ്ണൻ) / an avaracious, grasping (അത്യാർത്തിപിടിച്ച) person എന്ന അർത്ഥത്തിൽ ഷൈലോക്ക് (Shylock) ശൈലീരൂപം പ്രാപിച്ചുകഴിഞ്ഞു.

(58) D-day

The day chosen for the commencement of an important activity / Any critical day of action - D-day യുടെ അർത്ഥം നിഘണ്ടു നൽകുന്നത് ഇങ്ങനെയാണ്. എന്നുവച്ചാൽ സുപ്രധാനമായ ഒരു പ്രവൃത്തി ആരംഭിക്കാൻ നിശ്ചയിച്ചിരിക്കുന്ന ദിവസം : After four hectic weeks of electioneering, candidates are preparing themselves for D-day tomorrow (നാല് ആഴ്ചത്തെ തിരക്കേറിയ തിരഞ്ഞെടുപ്പ് പ്രചാരണത്തിനൊടുവിൽ സ്ഥാനാർത്ഥികൾ നിർണ്ണായകദിനത്തിനായി തയ്യാറെടുക്കുകയാണ്.) ഇവിടെ D-day എന്നാൽ election day എന്നാണ്. സ്ഥാനാർത്ഥികൾക്ക് അതൊരു നിർണ്ണായകദിനമാണല്ലോ. D-day for my departure was set for 29th August (എനിക്ക് പുറപ്പെടാനായി തിരഞ്ഞെടുത്ത ദിവസം ആഗസ്റ്റ് ഇരുപത്തിഒൻപതായിരുന്നു. പുറപ്പെടാനായി തിരഞ്ഞെടുത്ത ആഗസ്റ്റ് 29 എന്നെ സംബന്ധിച്ചിടത്തോളം സുപ്രധാനം/നിർണ്ണായകം എന്ന് വ്യംഗ്യം.) ഇനി ഈ പ്രയോഗത്തിന്റെ ഉത്പത്തിയെപ്പറ്റി:

D-day-യിലെ D സൂചിപ്പിക്കുന്നത് day ആണ്. അപ്പോൾ D-Day എന്നാൽ Day - Day. രാം ലോകമഹായുദ്ധകാലത്താണ് ഈ പ്രയോഗം ഉടലെടുത്തത്. 1944 ജൂൺ 6-നെയാണ് D-Day കൊണ്ടുദ്ദേശിക്കുന്നത്. ആ ദിവസം ഒരു നിർണ്ണായക ദിനമായിരുന്നു. രണ്ടാം ലോക മഹായുദ്ധത്തിന്റെ ഗതിവിഗതികളെ മാറ്റിമറിച്ച ദിനമായിരുന്നു അത്. കാരണം അന്നാണ് സംഖ്യകക്ഷികൾ ഫ്രാൻസിനെ ആക്രമിക്കാനായി വടക്കേ ഫ്രാൻസിൽ ഇറങ്ങിയത്.

NB : D-Day എന്നോ D-day എന്നോ എഴുതാം. D-Day യുടെ മുമ്പിൽ the ഉപയോഗിക്കാൻ പാടില്ല. അതായതു the D-Day എന്ന് പ്രയോഗിക്കാൻ പാടില്ല.

(തുടരും)

ചോദ്യങ്ങളും കത്തുകളും അയയ്ക്കേണ്ട വിലാസം:

ദി എഡിറ്റർ,
ലക്ഷ്യ, കേരളകൗമുദി,
പേട്ട, തിരുവനന്തപുരം - 24.